# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3865 21.06.2019 - ൽ മറുപടിക്ക്

### പ്രവർത്തനം നിലച്ച ചെറുകിട വ്യവസായ സംരംഭങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.മഞ്ഞളാംകുഴി അലി | ശ്രീ. ഇ.പി.ജയരാജൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഏകദേശം എത്ര ചെറുകിട വ്യവസായ സംരംഭങ്ങൾ പൂട്ടിപ്പോയിട്ടുണ്ടെന്നാണ് കണക്കാക്കിയിട്ടുള്ളത്; | എ) & ബി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സംസ്ഥാനത്തൊട്ടാകെ 426 ഉം മലപ്പുറം ജില്ലയിൽ 41 ഉം ചെറുകിട വ്യവസായ സംരംഭങ്ങൾ പൂട്ടിപ്പോയിട്ടുണ്ടെന്നാണ് കണക്കാക്കിയിട്ടുള്ളത്. |
| ബി) | മലപ്പുറം ജില്ലയിൽ മാത്രം ഏകദേശം എത്ര സംരംഭങ്ങൾ പൂട്ടിപ്പോയിട്ടുണ്ട് എന്നറിയിക്കാമോ; | | |
| സി) | ഭക്ഷ്യവസ്തുക്കളുമായും ജനറൽ എഞ്ചിനീയറിംഗ് മേഖലയുമായും ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന നിരവധി സംരംഭങ്ങൾ പ്രസ്തുത ജില്ലയിൽ പൂട്ടിപ്പോയിട്ടുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്താണ് ഇതിന് കാരണമെന്നാണ് വകുപ്പ് കണ്ടെത്തിയിട്ടുള്ളത്; | സി) | ഉണ്ട്. ജില്ലയിൽ ഭക്ഷ്യ സംസ്കരണ മേഖലയിലും ജനറൽ എഞ്ചിനീയറിംഗ് മേഖലയിലുമാണ് കൂടുതൽ ചെറുകിട വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നത്. ആയതിനാൽ തന്നെ മത്സരക്ഷമത അല്ലാത്തവ വൻകിട സ്ഥാപനങ്ങളുടെ ഉത്പന്നങ്ങളുമായി മത്സരിച്ച് വിപണിയിൽ പിടിച്ചുനിൽക്കാൻ സാധിക്കാതെ പൂട്ടിപ്പോകുന്നു. അനാരോഗ്യകരമായ വിപണി മത്സരം, നോട്ട് നിരോധനം, ഒരേ പ്രദേശത്ത് നിലനിൽക്കാനാകുന്നതിലും കൂടുതൽ സ്ഥാപനങ്ങൾ ആരംഭിക്കുന്നതും, എഞ്ചിനീയറിംഗ് രംഗത്ത് പോർട്ടബിൾ വെൽഡിംഗ് മെഷീനും മറ്റുപകരണങ്ങളും ഉപയോഗിച്ച് കൂടുതൽ പേർ വിപണി പിടിച്ച് സ്ഥാപനരൂപത്തിലല്ലാതെ ജോലികൾ ഏറ്റെടുക്കുന്നതും ഇത്തരം സ്ഥാപനങ്ങൾ പൂട്ടിപോകുന്നതിന് കാരണമാകുന്നുണ്ട്. |
| ഡി) | ഇത്തരം യൂണിറ്റുകളെ പുനരുജ്ജീവിപ്പിക്കാൻ എന്തെല്ലാം പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്; വിശദമാക്കുമോ? | ഡി) | കേരളാ സ്ട്രസ്ഡ് എം.എസ്.എം.ഇ റിവൈവൽ ആന്റ് റീഹാബിലിറ്റേഷൻ (Kerala Stressed MSME's Revival and Rehabilitation) പദ്ധതിയിലൂടെ നഷ്ടത്തിലായി പൂട്ടിപ്പോകുന്നതും പൂട്ടൽ ഭീഷണി നേരിടുന്നതുമായ വ്യവസായ സംരംഭങ്ങൾക്കു സാമ്പത്തിക സഹായം നൽകുന്നുണ്ട്. |

സെക്ഷൻ ഓഫീസർ